# ഒരു വടിയും കുറെ വെടിയും

ഡോ. എം. കുര്യൻ തോമസ്



സമാനതകളില്ലാത്ത ഒരു ജീവിതമായിരുന്നു പ. പരുമല തിരുമേനിയുടേത്. *പരിശുദ്ധൻ* എന്ന നിലയിൽ മാത്രമല്ല, പരിപാകതയുള്ള കാര്യവിചാരകനും ഉത്തമ ഇടയനും എന്ന നിലയിലും അദ്ദേഹം പ്രശോഭിച്ചു. ഈ കഴിവുകളാണ് നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്ന അദ്ദേഹത്തെ കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങൾ കൂടി സഭ ഏല്പിക്കാൻ ഇടവന്നത്. ഒരു പടി കൂടെ കടന്ന് അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അദ്ദേഹത്തെ അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്താ ആയും നിയമിച്ചു. കാലംചെയ്ത് ഒരു നൂറ്റാണ്ടു പിന്നിടുമ്പോഴും *പരിശുദ്ധൻ* എന്നതിലുപരിയായുള്ള അദ്ദേഹത്തിന്റെ പ്രവർത്തനമേഖലകൾ പൂർണ്ണമായും പഠനവിധേയമാക്കിയിട്ടില്ല.

ഇത്തരം വിഷയങ്ങളൊന്നുമല്ല ഇവിടെ പ്രതിപാദിക്കുന്നത്. പ. പരുമല തിരുമേനിയുടെ അംശവടിയാണ് ഇവിടെ ചർച്ചാ വിഷയം. കുറച്ചുകാലമായി അതിനെപ്പറ്റി കുറെ വ്യാജപ്രചരണങ്ങൾ നടക്കുന്നുണ്ട്. അവയെ താഴെ പറയുംവിധം സംഗ്രഹിക്കാം.

1. പ. പരുമല തിരുമേനിയുടെ അംശവടി പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് നൽകിയതാണ്.

2. മലങ്കരയിലെ മെത്രാന്മാർ കാലംചെയ്യുമ്പോൾ അവരുടെ വടി, സ്ലീബാ, കുരിശുമാല മുതലായ ജംഗമങ്ങൾ അന്ത്യോഖ്യാ പാത്രിയർക്കീസിനു എത്തിച്ചു കൊടുക്കുക എന്ന കീഴ്‌വഴക്കം ഉണ്ട്.

3. അപ്രകാരം പ. പരുമല തിരുമേനിയുടെ അംശവടിയും അന്ത്യോഖ്യാ പാത്രിയർക്കീസിനു എത്തിച്ചുകൊടുത്തു.

4. പ്രഥമ ക്നാനായ മെത്രാപ്പോലീത്താ ആയിരുന്ന ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസിനു സ്ഥാനാരോഹണവേളയിൽ അബ്ദുള്ളാ പാത്രിയർക്കീസ് ഈ അംശവടി സമ്മാനിച്ചു.

5. ക്നാനായ മെത്രാപ്പോലീത്താ ഏബ്രഹാം മാർ ക്ലിമ്മീസിന്റെ സ്ഥാനാരോഹണവേളയിൽ പാത്രിയർക്കീസ് ഈ അംശവടി അദ്ദേഹത്തിനു സമ്മാനിച്ചു. ഈ വടി ഇപ്പോൾ ചിങ്ങവനത്ത് ക്നാനായ സമുദായ ആസ്ഥാനത്ത് സൂക്ഷിച്ചിരിക്കുന്നു.

6. ഏബ്രഹാം മാർ ക്ലിമ്മീസ്, 1979-ൽ ഈ അംശവടി തോമസ് മാർ തെയോഫിലോസ് മൂത്തേടം മെത്രാപ്പോലീത്തായ്ക്ക് കൈമാറി. അദ്ദേഹം അത് ഡൽഹിയിൽ എത്തിച്ചു.

ഇതിൽ രണ്ടാമത്തെ പ്രചരണത്തെപ്പറ്റി ആദ്യം പറയാം. അത്തരമൊരു തെറ്റിദ്ധാരണ ഉണ്ടാകാനുള്ള കാരണം കോട്ടയം, അങ്കമാലി ഇടവകകളുടെ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് ആണ്. കൊല്ലവർഷം 1078 വൃശ്ചികം 7-നു പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത അദ്ദേഹത്തിന്റെ വിൽപത്രത്തിലെ നാലാം ക്ലോസിൽ ... *ബി. പട്ടികയിൽ ഒന്നു മുതൽ മൂന്നുവരെ നമ്പറുകളായി ചേർത്തിട്ടുള്ളതും നമ്മുടെ കാലശേഷം അന്ത്യോഖ്യാ സിംഹാസനത്തിങ്കലേയ്ക്ക് അയച്ചുകൊടുപ്പാൻ നമ്മുടെ പിൻഗാമിയെ ഏൽപ്പിപ്പിക്കാൻ ഇതിൽ പറയുന്ന അധികാരികളോട് ആജ്ഞാപിച്ചിട്ടുള്ളതുമായ വകകൾ*... എന്നൊരു പരാമർശനം ഉണ്ട്. 1907-ൽ മാർ അത്താനാസ്യോസ് കാലം ചെയ്തതിനെ തുടർന്ന് വിൽപത്രപ്രകാരം പാത്രിയർക്കീസിനു എത്തിച്ചുകൊടുക്കുവാൻ പട്ടിക വസ്തുക്കളായ വടി, സ്ലീബാ, കുരിശുമാല ഇവ തൃക്കുന്നത്തു സെമിനാരിയുടെ ട്രസ്റ്റി എന്ന നിലയിൽ അവയുടെ കൈവശക്കാരനായിരുന്ന വാകത്താനം കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ) ആ വർഷം ധനു 3-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് കൈമാറി. ഈ വിവരം അദ്ദേഹത്തിന്റെ *സഭാജീവിത നാൾവഴി*യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിറ്റേവർഷം മേല്പട്ടസ്ഥാനമേൽക്കുവാൻ യെറുശലേമിലെത്തിയ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ ഇവ പാത്രിയർക്കീസിനു എത്തിച്ചുകൊടുത്തു. ഇതിൽപ്പെട്ട കുരിശ് പിൽക്കാലത്ത് ഒരു അന്ത്യോഖ്യൻ മെത്രാൻ ധരിച്ചിരിക്കുന്നത് സിറിയയിൽ വെച്ചു കണ്ടതായി കടവിൽ പോൾ റമ്പാൻ തന്റെ *ശീമയാത്ര*യിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കടവിൽ മാർ അത്താനാസ്യോസ് ഇഷ്ടദാനം നടത്തിയ ഈയൊരൊറ്റ നടപടിയാണ് *മലങ്കരയിലെ കീഴ്‌വഴക്കം* എന്നു തട്ടിമൂളിക്കുന്നത്. 1876-നു മുമ്പ് മലങ്കരയിൽ ഒരു മെത്രാൻ മാത്രമാണ് ഉണ്ടായിരുന്നത്. അവരുടെ സ്ഥാനചിഹ്നങ്ങൾ പിൻഗാമികൾക്കു ലഭിക്കുകയായിരുന്നു പാരമ്പര്യം. അപ്രകാരം ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസ്യോസ് നാലാമൻ വരെയുള്ളവരുടെ സ്ഥാനചിഹ്നങ്ങൾ പാലക്കുന്നത്തു മാർ മാത്യൂസ് അത്താനാസ്യോസിനു ലഭിച്ചു. അദ്ദേഹത്തിൽ നിന്നും പാലക്കുന്നത്തു തോമസ് മാർ അത്താനാസ്യോസിന്റെ കൈകളിലെത്തിയ സ്ഥാനചിഹ്നങ്ങളും ചെപ്പേടുകളും നിയമാനുസൃത മലങ്കര മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ കോടതിവഴി *നടത്തിയെടുക്കുക* ആയിരുന്നു. അവയെല്ലാം അദ്ദേഹം പിൻഗാമി പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമനു കൈമാറി. പ. പത്രോസ് പാത്രിയർക്കീസ് വാഴിച്ച ആറു മെത്രാന്മാരിൽ അമ്പാട്ട് മാർ കൂറിലോസിന്റെ അംശവടി ആലുവാ തൃക്കുന്നത്തു സെമിനാരിയിലും മുറിമറ്റത്തിൽ മാർ ഈവാനിയോസിന്റെ (പിന്നീട് പ. ബസേലിയോസ് പൗലൂസ് പ്രഥമൻ) അംശവടി കോട്ടയം കാതോലിക്കേറ്റ് അരമനയിലും ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു. ആ ആറുപേരിൽപ്പെട്ട പ. പരുമല തിരുമേനിയുടെ അംശവടിയുടെ ഗതിവിഗതികളാണ് ഈ ലേഖനത്തിലെ ചർച്ചാവിഷയം.

1876 ഡിസംബർ 10-നാണ് വടക്കൻപറവൂർ പള്ളിയിൽ വെച്ച് പ. പരുമല തിരുമേനിക്കും അങ്കമാലി ഇടവകയുടെ അമ്പാട്ട് മാർ കൂറിലോസിനും പത്രോസ് പാത്രിയർക്കീസ് മേല്പട്ട സ്ഥാനം നൽകിയത്. അവർക്കോ, അദ്ദേഹം മേല്പട്ടസ്ഥാനം നൽകിയ മറ്റാർക്കെങ്കിലുമോ അംശവടിയോ വിലപിടിച്ച എന്തെങ്കിലും വസ്തുക്കളോ പാത്രിയർക്കീസ് സമ്മാനമായി നൽകിയതായി രേഖയൊന്നുമില്ല. കൈമുത്തായി ലഭിച്ചതിനുപരി, പുതുപ്പള്ളി പൊൻകുരിശടക്കം മലങ്കരസഭയുടെ വിലപിടിച്ച ജംഗമ വസ്തുക്കൾ വിദേശത്തേയ്ക്കു കടത്തുവാൻ ശ്രമിച്ച പത്രോസ് പാത്രിയർക്കീസിൽ നിന്നും അത്തരമൊരു സമ്മാനം പ്രതീക്ഷിക്കുകയും വേണ്ട. എന്നു മാത്രമല്ല, പ. പരുമല തിരുമേനിയിൽ നിന്നടക്കം സമ്മാനങ്ങൾ ചോദിച്ചുവാങ്ങിക്കുകയും ചെയ്തിട്ടുണ്ട്.

പ. പരുമല തിരുമേനി സ്വഭവനമായ ചാത്തുരുത്തിലേയ്ക്കയച്ച ഏതാനും കത്തുകളിൽ ഇതിനെക്കുറിച്ചു വ്യക്തമായ സൂചനകളുണ്ട്.

1. ... *വിശുദ്ധ പിതാവ് ഇവിടെനിന്നും രണ്ടുമൂന്നു ദിവസത്തിനകം അങ്കമാലിക്കു എഴുന്നള്ളുന്നതും അതിനിടയിൽ മുടി വേഗത്തിൽ തീർപ്പാൻ കല്പിച്ചിരിക്കുന്നതും ആകകൊണ്ടു എത്രയുംവേഗത്തിൽ ആയതു നടത്തുവാൻ വിചാരിക്കണം...* (1876 ധനു 16-നു കൊച്ചിക്കോട്ടയിൽ നിന്നും)

2. ... *പിതാവിനുള്ള കാപ്പ വേഗത്തിൽ ഏനപ്പെടുത്തി കൊണ്ടുവരുന്നതിനു ഉത്സാഹിക്കണം* (1877 മെയ് 1, കൊച്ചിയിൽ നിന്നും).

3. ... *വിശുദ്ധ പിതാവ് അകപ്പറമ്പിൽ നിന്നും ഇവിടെയെത്തി. ഉടനെ ശീമയ്ക്കു എഴുന്നള്ളണമെന്നുള്ള വിചാരത്തിന്മേരിൽ മുളന്തുരുത്തിയിൽ അവർ വല്ലതും പണിയിച്ചു തീർത്തിട്ടുണ്ടെങ്കിൽ ആയതുകൊണ്ടു ചാലിയും - പാലക്കാട്ടു കത്തനാരും - നിന്റെ ജേഷ്ടനും മറ്റും വേഗത്തിൽ വരുന്നതിനായി എഴുതി അയയ്ക്കണമെന്നു കല്പിക്കകൊണ്ടു ഇതെഴുതുന്നതാകുന്നു...* (1877 മേടം 4-നു കൊച്ചിക്കോട്ടയിൽ നിന്നും).

സ്വമേധാദാനം സ്വീകരിക്കുന്നതു കൂടാതെ പത്രോസ് പാത്രിയർക്കീസ് *ചോദിച്ചു വാങ്ങിക്കുകയും* ചെയ്തിരുന്നു എന്നാണ് ഇവയിൽ നിന്നും വ്യക്തമാകുന്നത്. അത്തരമൊരു വ്യക്തി പ. പരുമല തിരുമേനിക്ക് വെള്ളി അംശവടി സമ്മാനിച്ചു എന്നത് അചിന്ത്യമാണ്. എന്നു മാത്രമല്ല, അംശവടി അടക്കം തന്റെ പൗരോഹിത്യ സ്ഥാനത്തിന് ആവശ്യമായ പൊൻ-വെള്ളി ജംഗമങ്ങൾ സ്വയം പണിയിക്കുക ആയിരുന്നുവെന്ന് അദ്ദേഹം അയച്ച മറ്റുചില സ്വകാര്യ കത്തുകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. തനിക്കു ലഭിച്ച അല്പ സമ്മാനങ്ങളൊഴികെ അതിനുള്ള പണം അദ്ദേഹം ആവശ്യപ്പെടുന്നത് സ്വഭവനത്തിൽ നിന്നും!

1. ... *മാർ കൂറിലോസു മെത്രാച്ചനു ഇനി വടി വകക്കും കുരിശിനും കൂടി കൊടുത്തതു നീക്കി പത്തിൽ കുറയാതെ രൂപാ കൊടുക്കണം...* (1877 കന്നി 3, വെട്ടിക്കൽ).

2. ... *ഇന്നലെ ഇവിടെ വന്നപ്പോൾ വടിയുടെ കാര്യം പറഞ്ഞതിൽ തലയുടെ ഭാഷ ഉണ്ടാക്കിത്തന്നാൽ അവിടെത്തന്നെ ഉണ്ടാക്കാം എന്നാണല്ലോ പറഞ്ഞത് - കൊള്ളാം -അങ്ങിനെ ആകട്ടെ. വടിയുടെ തല വാർത്തുണ്ടാക്കേണ്ടതിന്നുള്ള ചിലവ് വീതിച്ചെടുക്കേണ്ടി വരും...* (വെട്ടിക്കൽ നിന്നും).

ഇതിൽനിന്നും പ. പരുമല തിരുമേനിയുടെ അംശവടി, തനിക്കു സമ്മാനമായി ലഭിച്ച പണവും ബാക്കി കുടുംബച്ചിലവിലും മുളന്തുരുത്തിയിലോ പരിസര പ്രദേശത്തോ പണിതതാണന്നു പകൽപോലെ വ്യക്തമാണ്. അതുതന്നെ 1877 മെയ് 21-നു






പത്രോസ് തൃതീയൻ പാത്രിയർക്കീസ് പട്ടാമ്പിയിൽ നിന്നും തീവണ്ടി കയറിയ ശേഷം! അവിടെ അവസാനിക്കുന്നു പ. പരുമല തിരുമേനിയുടെ അംശവടിയുടെ *ശീമ ഉത്ഭവം*!



പ. പരുമല തിരുമേനിയുടെ 29-ാം വയസിൽ (1877-78) എടുത്ത ഫോട്ടോയിൽ കാണുന്ന വടിയും 1901-ൽ ഡിക്രൂസ് എടുത്ത ഫോട്ടോയിലെ വടിയും വ്യത്യസ്തമാണ്. ആദ്യത്തെ വടിക്ക് *മുട്ടുകൾ* ഉണ്ട്; രണ്ടാമത്തേതിനു ഇല്ല എന്നതാണ് ദൃശ്യമായ വ്യത്യാസം. അതായത് 1877-ൽ അദ്ദേഹം പണിയിച്ച വടിയല്ല ഡിക്രൂസിന്റെ ഫോട്ടോയിൽ കാണുന്നത്. ആ ഫോട്ടോയും അതിനെ അവലംബിച്ച് സർ രാജാ രവിവർമ്മ വരച്ച എണ്ണഛായാ ചിത്രവുമാണ് പ. പരുമല തിരുമേനിയുടെ അംശവടി *മുട്ടുകൾ* ഇല്ലാത്തതാണെന്ന ധാരണ പരത്തിയത്.

പ. പരുമല തിരുമേനിയുടെ അംശവടി ക്നാനായ സമുദായത്തിന്റെ കൈവശമുണ്ടെന്നാണ് പരക്കെ പ്രചരിപ്പിക്കപ്പെടുന്നത്. ... *ഈ വടിയാണ് പരുമല തിരുമേനിയുടെ അംശവടി. ഇത് അന്ത്യോഖ്യായിൽ നിന്നും കേരളത്തിൽ വന്ന ഇഗ്നാത്തിയോസ് പത്രോസ് പാത്രിയർക്കീസുബാവാ തിരുമനസുകൊണ്ട് പരുമല തിരുമേനിയെ മെത്രാനായി അഭിഷേകം ചെയ്തപ്പോൾ അദ്ദേഹത്തിനു കൊടുത്തതായ വടിയാണ്. അധികാരത്തിന്റെ ചിഹ്നമാണിത്...* (*മലങ്കരയുടെ പരിമളം* എന്ന പേരിൽ 2002-ൽ *ക്രോസ് മീഡിയ* നിർമ്മിച്ച ഡോക്യുമെന്ററി വീഡിയോയിൽ ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ നൽകിയ അഭിമുഖം). പക്ഷേ ഈ വടി തനിക്ക് എങ്ങിനെ ലഭ്യമായി എന്നദ്ദേഹം ഇവിടെ വ്യക്തമാക്കുന്നില്ല. ചിത്രത്തിൽ അദ്ദേഹം പ്രദർശിപ്പിക്കുന്ന വടി *മുട്ടുകൾ* ഉള്ളതാണ്.

ഈ അംശവടി ചിങ്ങവനത്തെത്തിയതിനെപ്പറ്റി http://www.parumalathirumeni.org/ എന്ന വെബ്സൈറ്റിൽ 24-03-2018-ൽ ലഭ്യമാകുന്ന വിവരം ഇപ്രകാരമാണ്. *...The Staff (amsavadi) and some of the insignias used by Parumala Thirumeni, on his death, were handed over to the supreme head of the Church, the Patriarch. This Staff used by Parumala Thirumeni was handed over to Mor Severius Geevarghese, the first Knanaya Metropolitan on his consecration and was later passed on to his successor Mor Clemis Abraham and is now there at the Knanaya diocesan headquarters in Chingavanam near Kottayam...* അതായത്, പരുമല തിരുമേനിയുടെ അംശവടി അദ്ദേഹത്തിന്റെ കാലശേഷം ഇതര സ്ഥാനചിഹ്നങ്ങളോടൊപ്പം പാത്രിയർക്കീസിനു കൈമാറിയെന്നും പാത്രിയർക്കീസ് അത് ക്നാനായ സമുദായത്തിന്റെ ആദ്യ മെത്രാപ്പോലീത്താ ആയ ഇടവഴിക്കൽ ഗീവർഗീസ് മാർ സേവേറിയോസിനു അദ്ദേഹത്തിന്റെ മേല്പട്ട സ്ഥാനാരോഹണവേളയിൽ നൽകി എന്നുമാണ്.

ഇടവഴിക്കൽ മാർ സേവേറിയോസ് സ്വന്ത കൈപ്പടയിൽ രേഖപ്പെടുത്തിയ *ഇടവഴിക്കൽ ക്രോണിക്കിൾ* എന്ന നാളാഗമത്തിൽ തന്റെ മേല്പട്ട വാഴ്ചയെപ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും ഇത്തരമൊരു സമ്മാനത്തെപ്പറ്റി സൂചനയില്ല. പക്ഷേ പിറ്റെ ആഴ്ച കോട്ടയം വലിയപള്ളിക്കാർ സ്വീകരിച്ചപ്പോൾ സമ്മാനിച്ച സ്വർണ മസനപ്സായുടെ കാര്യം രേഖപ്പെടുത്തിയിട്ടുണ്ടു താനും! മാർ സേവേറിയോസിന്റെ വാഴ്ചയ്ക്കു ചുക്കാൻ പിടിച്ച ഇ. എം. പീലിപ്പോസും ഇക്കാര്യത്തിൽ നിശബ്ദനാണ്. മാർ സേവേറിയോസിനോ, തൊട്ടു സമീപകാലത്ത് വാഴിക്കപ്പെട്ട ആലുവാ കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസിനോ അബ്ദള്ളാ പാത്രിയർക്കീസ് എന്തെങ്കിലും നൽകിയതായി യാതൊരു പരാമർശനവും സമകാലിക രേഖകളിൽ കാണാനില്ല. അദ്ദേഹത്തിന്റെ സ്വഭാവം വെച്ച് അത് അസംഭാവ്യവുമാണ്.

കുറച്ചുകൂടി വിചിത്രമായ വാദമാണ് 2016-ൽ *ജാക്കബൈറ്റ് സിറിയൻ ഓർത്തഡോക്സ് ചർച്ച് - ഡൽഹി ഡയോസിസ്* പുറത്തിറക്കിയ Ido Dam'adronutho എന്ന സോവനീറിൽ 143-ാം പേജിൽ കാണുന്നത്. *..The 'Staff', the insignia of Apostolic authority which the Parumala Thirumeni had been using was taken to Antoch on his death. It was presented by His Holiness the Patriarch of Antioch to H. G. Abraham Mor Clemis at the time of his consecration as a Bishop for the Knanaya Diocese of the Malankara Jacobite Syrian Church. H. G. Abraham Mor Clemis presented this 'staff' on 19th April 1979 to H. G. Thomas Mor Theophilos when he was ordained as Metrapolitan of Bhhya Kerala Diocese and thus it was brought to Delhi...* ഇതനുസരിച്ച് ഏബ്രഹാം മാർ ക്ലിമ്മീസിനു സ്ഥാനാരോഹണവേളയിൽ ലഭിച്ചതും അദ്ദേഹം തോമസ് മാർ തേയോഫിലോസിനു കൈമാറിയതുമായ അംശവടി ഡൽഹിയിൽ എത്തിച്ചത്രെ! അതിന്റെ പിൽക്കാല ചരിത്രത്തെപ്പറ്റി സോവനീർ നിശബ്ദവുമാണ്.

പ. പരുമല തിരുമേനിയുടെ അംശവടിയെപ്പറ്റി ലഭ്യമായ ഏറ്റവും പഴയ രേഖ വട്ടിപ്പണക്കേസിൽ പ. വട്ടശ്ശേരിൽ തിരുമേനി നൽകിയ മൊഴിയാണ്. അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കിയതിനെ തുടർന്ന് ആവിർഭവിച്ച തിരുവനന്തപുരം ജില്ലാകോടതിയിൽ കൊല്ലവർഷം 1088-ലെ ഒ.എസ്. 98-ാം നമ്പർ കേസാണ് വട്ടിപ്പണക്കേസ് എന്നറിയപ്പെടുന്നത്. ടി. കേസിന്റെ നടപടികളിൽ പ. പരുമല തിരുമേനിയുടെ വടി പൊന്തിവന്നു. 1918 ജൂലൈ 4 മുതൽ ഒക്ടോബർ 30 വരെ നീണ്ട പ. വട്ടശ്ശേരിൽ തിരുമേനിയുടെ സാക്ഷി വിസ്താരത്തിനിടയിൽ ഒന്നിലധികം പ്രാവശ്യം ഈ വിഷയം പരാമർശന വിധേയമായി. അതിൽ ഏറ്റവും വ്യക്തമായ മൊഴി 1094 തുലാം 13-ാം തീയതി നൽകിയതാണ്:

*... ഒരു മെത്രാപ്പോലീത്താ മരിച്ചാൽ അദ്ദേഹത്തിന്റെ അംശവടി പാത്രിയർക്കീസിനെ ഏൽപ്പിക്കുന്ന നടപ്പുണ്ടോ?*

*ഉത്തരം: നടപ്പുണ്ടായിരുന്നില്ല. എന്നാൽ ഇടവക മെത്രാന്മാരിൽ ചിലർ പാത്രിയർക്കീസിനയച്ചു കൊടുക്കണമെന്നു പറകയും അതുപ്രകാരം അയച്ചുകൊടുക്കയും ചെയ്തിട്ടുണ്ട്. അതായത് അവർ മരിക്കുന്നതിന് മുമ്പ് പറഞ്ഞിട്ടുള്ളതനുസരിച്ച് മരിച്ചതിനു ശേഷം അയച്ചുകൊടുക്കയും ചെയ്തിട്ടുണ്ട് എന്നാണ്. കഴിഞ്ഞുപോയ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ അംശവടി അദ്ദേഹം അൽവാറീസ് മെത്രാച്ചന് കൊടുക്കുകയാണ് ചെയ്തത്. അതിൽ പിന്നീട് മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അംശവടിയാണ് അദ്ദേഹം ഉപയോഗിച്ചു വന്നത്. ആ അംശവടിയാണ് വെള്ളി അംശവടി എന്നു പറഞ്ഞത്.*

*ചോദ്യം: അതാണോ പാത്രിയർക്കീസിന് കൊടുത്തു എന്നു പറഞ്ഞത്.*

*ഉത്തരം: ഞാൻ പാത്രിയർക്കീസിനു കൊടുത്തിട്ടില്ല. കൊടുത്തു എന്നു പറഞ്ഞിട്ടുമില്ല. തൽക്കാല ആവശ്യത്തിലേക്ക് കൊടുത്തത് ഞാനാണ്...*

ചുരുക്കത്തിൽ, 1877-ൽ പ. പരുമല തിരുമേനി പണിയിച്ചതും അതേ വർഷം എടുത്ത ഫോട്ടോയിൽ കാണുന്നതുമായ അംശവടി മാർ അൽവാറീസ് യൂലിയോസിനു അദ്ദേഹം നൽകി. 1889 ജൂലൈ 28-നു പഴയസെമിനാരിയിൽ വെച്ച് തന്റെ കാർമ്മികത്വത്തിൽ അദ്ദേഹത്തെ മേല്പട്ടക്കാരനായി വാഴിച്ചപ്പോഴാവണം ഇത്. കാരണം അക്കാലത്ത് പ. പരുമല തിരുമേനി നിരണത്തു പള്ളിക്കാരെക്കൊണ്ട് അദ്ദേഹത്തിനു കഴുത്തിലണിയാനുള്ള കുരിശും, മറ്റു പല പള്ളിക്കാരെക്കൊണ്ടു ഇതര സ്ഥാനചിഹ്നങ്ങളും കൊടുപ്പിച്ചതായി രേഖയുണ്ട്. അതിനു ശേഷമാവണം മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ അംശവടി അദ്ദേഹം ഉപയോഗിച്ചു തുടങ്ങിയത്. ഈ അംശവടിയാണ് *മുട്ടില്ലാത്ത* വടിയായി ഡിക്രൂസ് എടുത്ത ഫോട്ടോയിൽ കാണുന്നത്.

ഈ വടി അബ്ദുള്ളാ പാത്രിയർക്കീസിന്റെ കൈകളിലെത്തിയതിനു പിന്നിൽ ഒരു ചരിത്രമുണ്ട്. പ. വട്ടശ്ശേരിൽ തിരുമേനി മേല്പട്ടസ്ഥാനമേല്ക്കുവാൻ യെറുശലേമിനു പോയപ്പോൾ തന്റെ പൗരോഹിത്യ കനകജൂബിലിക്കു പുതുപ്പള്ളി പള്ളിക്കാർ സമ്മാനമായി നൽകിയ സ്വർണ്ണ അംശവടി മാർ ദീവന്നാസ്യോസ് അഞ്ചാമൻ പാത്രിയർക്കീസിനു സമ്മാനമായി കൊടുത്തു വിട്ടിരുന്നു. പിന്നീട് അബ്ദുള്ളാ പാത്രിയർക്കീസ് കേരളത്തിലെത്തിയപ്പോൾ അത് അറ്റകുറ്റപ്പണികൾക്കായി പുതുപ്പള്ളിക്കാരെ ഏല്പിച്ചു. ആ സമയത്തെ താല്ക്കാലിക ഉപയോഗത്തിനായി പാത്രിയർക്കീസ് ചോദിച്ചു വാങ്ങിയതായിരുന്നു വെള്ളികൊണ്ടുള്ള ഈ അംശവടി. അതിനെപ്പറ്റി പ. വട്ടശ്ശേരിൽ തിരുമേനി വട്ടപ്പണക്കേസിൽ *...ആ ദിവസങ്ങളിൽ അദ്ദേഹം ഉപയോഗിച്ചുവന്നത് എന്റെ കൈവശം ഉണ്ടായിരുന്ന അംശവടി ആയിരുന്നു. പാത്രിയർക്കീസ് എന്നോട് കോപിച്ച് അവിടെനിന്ന് എന്നെ അയച്ചു കളഞ്ഞപ്പോൾ എന്റെ ഉപയോഗത്തിലേക്കായി ടി വടി ഇങ്ങു തരണമെന്നു ഞാൻ ആവശ്യപ്പെട്ടു എങ്കിലും ഇപ്പോൾ എന്റെ കൈവശം ഇരിക്കട്ടെ. പിന്നാലെ ആകാം എന്നു പറഞ്ഞതല്ലാതെ അതു പിന്നെ ഒരിക്കലും തിരിയെ തന്നില്ല...* എന്നു മൊഴി കൊടുത്തിട്ടുണ്ട്.

അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് കേരളം വിട്ടതോടെ ഈ അംശവടിയുടേയും പാത ഇരുളിലായി. ഇടവഴിക്കൽ മാർ സേവേറിയോസിന്റെ ജീവചരിത്രക്കുറിപ്പുകളിലെങ്ങും ഇത്തരമൊരു സമ്മാനത്തെപ്പറ്റി പരാമർശനമില്ല. ഈ വടി, 1951 ഏപ്രിൽ 15-നു സിറിയയിലെ ഹോംസിൽ വെച്ചു ഏബ്രഹാം മാർ ക്ളീമ്മീസ് മെത്രാപ്പോലീത്തായുടെ മേല്പട്ടസ്ഥാനാരോഹണ വേളയിൽ അദ്ദേഹത്തിനു ലഭിച്ചു എന്ന വാദവും യുക്തിരഹിതമാണ്. കാരണം 1958-നു മുമ്പ് ശീമയിൽപ്പോയി പട്ടമേറ്റ മറ്റാർക്കും ഇത്തരം എന്തെങ്കിലും സമ്മാനം ലഭിച്ചതായി യാതൊരു സൂചനയുമില്ല. 2000-മാണ്ടിൽ പ്രസിദ്ധീകരിച്ച *ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാഭിഷേക സുവർണ്ണ ജൂബിലി സ്മരണിക*യിലും ഈ അംശവടിയെപ്പറ്റി യാതൊരു പരാമർശനവുമില്ല. അതിനാൽ അതിനുശേഷം മാത്രമാണ് ഈ വാദം പൊങ്ങിവന്നതെന്നു സാരം.

2001-ൽ ഏബ്രഹാം മാർ ക്ലീമ്മീസ് മാതൃഭൂമി ദിനപ്പത്രത്തിലെ കെ. എസ്. ഗിരീഷ് കുമാറിനു നൽകിയ അഭിമുഖത്തിൽ ഈ വാദങ്ങൾ ആവർത്തിച്ചിട്ടുണ്ട്. *...പരുമല തിരുമേനിക്ക് അന്ത്യോഖ്യാ പാത്രിയർക്കീസ് ഇവിടെവന്ന് പട്ടംകൊടുത്ത് കൈമാറിയതാണീ അംശവടി. തുടർന്ന് മെത്രാന്മാർ കാലം ചെയ്യുമ്പോൾ ഇത് അന്ത്യോഖ്യയെ തിരിച്ചേല്പിക്കണം. പരുമല തിരുമേനി ദിവംഗതനായപ്പോൾ അംശവടി പാത്രിയർക്കീസിലെത്തി. പിന്നീട് 1910-ൽ ക്നാനായ സഭയുടെ പ്രഥമ മെത്രാപ്പോലീത്താ ഗീവർഗീസ് മാർ സേവേറിയോസിനെ*





*വാഴിച്ചപ്പോൾ പാത്രിയർക്കീസ് ഈ വടി കൊടുത്തു. 1951-ൽ താൻ സഭാ മേലദ്ധ്യക്ഷനായപ്പോൾ ഇതെന്റെ പക്കലെത്തി...* എന്നാണ് അഭിമുഖത്തിൽ അദ്ദേഹം പറയുന്നത്. മുകളിൽ പ്രസ്താവിച്ച വസ്തുതകൾ കൂടാതെ ഈ ലേഖനത്തിൽ ഒരു



കല്ലാശേരി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1912)

പൂർവാപര വിരുദ്ധതയുണ്ട്. അഭിമുഖത്തിൽ പറയുന്നതുപോലെ ...*മെത്രാന്മാർ കാലം ചെയ്യുമ്പോൾ ഇത് അന്ത്യോഖ്യയെ തിരിച്ചേല്പിക്കണം*... എങ്കിൽ എന്തുകൊണ്ട് 1927-ൽ ഇടവഴിക്കൽ മാർ സേവേറിയോസ് കാലം ചെയ്തപ്പോൾ അദ്ദേഹത്തിനു ലഭിച്ച വടി തിരിച്ചേല്പിച്ചില്ല?



പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (1929)

വേറേയും വിചിത്രമായ ചില അവകാശവാദങ്ങൾ മാർ ക്ലിമ്മീസ് അഭിമുഖത്തിൽ ഉയർത്തുന്നുണ്ട്. ...*ആദ്യം ഇത് ഒറ്റവടിയായിരുന്നു. ആ സമയത്ത് യാത്ര കെട്ടുവള്ളത്തിലും മറ്റുമായിരുന്നതിനാൽ കൊണ്ടുപോകാമായിരുന്നെങ്കിലും തന്റെ കാലമായതോടെ ബുദ്ധിമുട്ടായി. തുടർന്ന് വടി മുറിച്ച് രണ്ട് മുട്ടിട്ടു. ഇപ്പോൾ കഷ്ണങ്ങളായി ഊരിയെടുക്കാവുന്ന രീതിയിലാണ്...* എന്നാണദ്ദേഹം പറയുന്നത്. ഇത് അസംഭാവ്യമാണ്. പ. പരുമല തിരുമേനി വള്ളത്തിൽ മാത്രമല്ല; കാൽനടയായും കാളവണ്ടിയിലും മഞ്ചലിലും മേനാവിലും യാത്ര ചെയ്തിരുന്നു. 1895-ൽ ട്രെയിനിലും കപ്പലിലുമായി *ഊർശ്ലേംയാത്ര*യും നടത്തി. കേടുപറ്റാതെ ഒരു അംശവടി ഇത്തരത്തിലെല്ലാം കൊണ്ടുപോവുക അപ്രായോഗികമാണ്. അക്കാലത്തെ ലഭ്യമായ ഇതര അംശവടികളെല്ലാം കഷ്ണങ്ങളായി ഊരിയെടുക്കാവുന്നതുമാണ്.

*... പരുമല തിരുമേനി കാലം ചെയ്തശേഷം അദ്ദേഹത്തിന്റെ അംശവടി എവിടെയന്നു ഓർത്തഡോക്സ് സഭക്കാർക്ക് അറിയില്ലായിരുന്നു*... എന്നതാണ് അടുത്ത പ്രസ്താവന. കൃത്യമായി കുറഞ്ഞത് 1912-ലും 1965-ലും രേഖയുള്ള, 1929-ൽ പ. പാമ്പാടി തിരുമേനിക്ക് കൈമാറിയ അംശവടി ഓർത്തഡോക്സ് സഭയ്ക്ക് *അജ്ഞാതമായിരുന്നു* എന്ന വിചിത്രവാദം യുക്തിഹീനമാണ്. 2001-ൽ തന്റെ മെത്രാനഭിഷേക കനകജൂബിലിയും പിറ്റേവർഷം പ. പരുമല തിരുമേനിയുടെ ചരമ ശതവാർഷികവും മുമ്പിൽക്കണ്ടു മാർ ക്ലിമ്മീസ് നടത്തിയ അടിസ്ഥാനമില്ലാത്ത ഒരു പ്രചരണം മാത്രമാണ് ഈ അഭിമുഖം.



പാമ്പാടി ദയറായിൽ സൂക്ഷിച്ചിരിക്കുന്ന പ. പരുമല തിരുമേനിയുടെ അംശവടി

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഉപയോഗിച്ചിരുന്നതും, അദ്ദേഹം പിൻഗാമിയായ പ. വട്ടശ്ശേരിൽ തിരുമേനിക്കു കൈമാറിയതും, അതിനു മുമ്പ് ഇടക്കാലത്ത് പ. പരുമല തിരുമേനിയുടെ ഉപയോഗത്തിലിരുന്നതുമായ അംശവടിയുടെ പ്രയാണകഥ ഇതാണ്. പക്ഷേ ആ വടിയുടെ മുൻകാല ചരിത്രം മാർ ദീവന്നാസ്യോസ് അഞ്ചാമനിൽ അല്ല ആരംഭിക്കുന്നത്. ഈ രസകരമായ വിവരം പ. വട്ടശ്ശേരിൽ തിരുമേനിയുടെ 1094 തുലാം 8-ാം തീയതിയിലെ മൊഴിയിലുണ്ട്. ...*അബ്ദല്ലാ പാത്രിയർക്കീസ് എന്നോടു വാങ്ങിച്ച അംശവടി, മലങ്കര മെത്രാപ്പോലീത്തായ്ക്കുള്ള അവകാശങ്ങളായി ആർ അക്കക്കേസിലെ* (1889-ൽ അവസാനിച്ച സെമിനാരിക്കേസ്) *വിധിമൂലം അതിലെ പ്രതിയിൽ നിന്ന് ഈടാക്കി, കാലം ചെയ്ത മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ഞാനും ഉപയോഗിച്ചു വന്നതാണ്*... അതായത്, പാലക്കുന്നത്ത് മാർ തോമസ് അത്താസ്യോസിൽ നിന്നും *നടത്തിയെടുത്ത* പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ അംശവടി!

ഈ വസ്തുത ഇടവഴിക്കൽ മാർ സേവേറിയോസും ശരിവയ്ക്കുന്നുണ്ട്. *ഇടവഴിക്കൽ ക്രോണിക്കിൾ* എന്ന കുടുംബ ഡയറിയിൽ ...*പഴയസെമിനാരി കേസിൽ പാലക്കുന്നത്തു മെത്രാനോടു സ്ഥാനചിഹ്നങ്ങൾ ഒഴിപ്പിച്ചു വാങ്ങിയപ്പോൾ അവർ വെച്ചൊഴിഞ്ഞ ഒരു ചെറിയ വെള്ളി അംശവടി ബാവായുടെ കൈവശം വന്നത് ഞാൻ സ്ഥാനമേറ്റപ്പോൾ തൽക്കാല ഉപയോഗത്തിനായി ഞാൻ ബാവായോടു* (അബ്ദുള്ളാ ദ്വിതീയൻ) *വായ്പ വാങ്ങിച്ചിരുന്നു. എങ്കിലും ബാവായുടെ യാത്രസമയം അത് തിരിച്ചുവാങ്ങാതെ ഞാൻ ഉപയോഗിച്ചുകൊള്ളുന്നതിനു അനുവദിച്ചു എനിക്ക് വിട്ടുതന്നു*... എന്നദ്ദേഹം രേഖപ്പെടുത്തുന്നു. ... *ഫ്രാൻസിൽ തയിപ്പിച്ചതും ഏകദേശം അഞ്ചു പവൻ വിലയുള്ളതുമായ ഒരു കസവിന്റെ വേലയുള്ള ശീലമുടി എന്റെ സമ്മാനമായി ഈ സമയത്തു ടി ഫീലിപ്പോസിന്റെ* (ഇ. എം. പീലിപ്പോസ്) *പക്കൽ ഞാൻ കൊടുത്തയയ്ക്കയും അത് ബാവായ്ക്കു കൊടുക്കയും ചെയ്തു. ബാവായ്ക്കു അത് വളരെ തൃപ്തിപ്പെട്ടതായി കല്പിക്കയും എനിക്കു മറുപടി അയക്കയും ചെയ്തു*... എന്നതിനോടൊപ്പമാണ് 1911 ഒക്ടോബർ 14-നു ആലുവായിൽ നിന്നുള്ള അബ്ദുള്ളാ പാത്രിയർക്കീസിന്റെ മടക്കയാത്രാ സമയത്തെ ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അംശവടിയെപ്പറ്റി പ. വട്ടശ്ശേരിൽ തിരുമേനിയുടെ സാക്ഷ്യങ്ങളെ ഈ ഭാഗം ശരിവയ്ക്കുന്നു. എന്നു മാത്രമല്ല,



പ. പരുമല തിരുമേനിയുടെ മല്പാൻ വടി

*സ്ഥാനാരോഹണവേളയിൽ സമ്മാനിച്ചത്* എന്ന പിൽക്കാലവാദം പൊളിയുകയും ചെയ്യുന്നു. പ. പരുമല തിരുമേനിയെപ്പറ്റി യാതൊരു പരാമർശനവും ഇതിൽ ഇല്ലെന്നതും ശ്രദ്ധേയമാണ്.

പ. പരുമല തിരുമേനിയുടെ അംശവടിയുടെ ചരിത്രം പക്ഷേ ഇവിടെ അവസാനിക്കുന്നില്ല. 1902-ലെ അദ്ദേഹത്തിന്റെ കബറടക്ക ഫോട്ടോയിൽ *മുട്ടുള്ളതും മുട്ടില്ലാത്തതുമായി* രണ്ടു അംശവടികൾ കാണുന്നുണ്ട്. അദ്ദേഹത്തെ കബറടക്കം നടത്തിയ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിന്റെ വടി വ്യത്യസ്തമാണ്. പരുമലയിൽ ഉണ്ടായിരുന്നിട്ടും ദുഃഖാധിക്യത്താൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തുമില്ല. ഇതിൽനിന്നും പുറകിൽ പിടിച്ചിരിക്കുന്ന മുട്ടു കളുള്ള വടിയും സ്ലീബായും പ. പരുമല തിരുമേനിയുടേതാണെന്നു ന്യായമായും അനുമാനിക്കാം. അദ്ദേഹത്തിന്റെ കൈയി ലിരിക്കുന്നത് കബറടക്കത്തിനായി മരംകൊണ്ടോ മെഴുകുകൊണ്ടോ ഉണ്ടാക്കിയതാവാൻ സാദ്ധ്യതയുണ്ട്.

ഈ അംശവടിക്ക് കൃത്യമായ പിൽക്കാല ചരിത്രമുണ്ട്. 1912-ൽ മേല്പട്ടസ്ഥാനമേറ്റ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ) ഉപയോഗിച്ചിരുന്നത് ഈ അംശവടിയാണ്. താൻ കാതോലിക്കാ ആയതിന്റെ പിറ്റേന്ന് 1926 ഫെബ്രുവരി 16-നു അദ്ദേഹം, ആ *വടിയും മുടിയും സ്ലീബായും ഗ്രീഗോറിയോസെന്ന സ്ഥാനനാമവും നൽകി പ. പരുമല തിരുമേനിയുടെ ആത്മീക പിൻഗാമി*യായി വാഴിച്ച പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസിനു നൽകി. പ. പാമ്പാടി തിരുമേനിയുടെ കാലശേഷം ആ വടി പാമ്പാടി ദയറായിൽ സൂക്ഷിച്ചു (ഫാ. പി. പി. ഗീവർഗീസ്, *പാമ്പാടി തിരുമേനി - ഒരു ലഘു ജീവചരിത്രം*, മാർ കുറിയാക്കോസ് ദയറാ, പാമ്പാടി, 1965). *നിരണത്തിന്റെ മാർ ഗ്രീഗോറിയോസ് ഗീവർഗീസ് മെത്രാപ്പോലീത്താ* എന്നു മുഴുനീളത്തിൽ സുറിയാനിയിൽ കൊത്തിയ ആ അംശവടി ഇപ്പോഴും പാമ്പാടി ദയറായിൽ ഉണ്ട്.

മുളന്തുരുത്തിയിൽ 1877-ൽ പണിയിച്ച അംശവടിക്കു സമാനമായ ഇത് എങ്ങിനെ 1902-ൽ അദ്ദേഹത്തിന്റെ കബറടക്കവേളയിൽ പ്രത്യക്ഷപ്പെട്ടു? രണ്ടു സാദ്ധ്യതകളാണ് ഉള്ളത്. 1. തന്റെ അവസാന കാലത്ത് *ഇരവു വാങ്ങിയ* അംശവടിക്കു പകരം പുതി യതൊന്ന് സ്വന്തമായി അദ്ദേഹം പണികഴിപ്പിച്ചു. 2. മാർ അൽവാറീസ് യൂലിയോസിനു നൽകിയ തന്റെ സ്വന്തം അംശവടി അപ്പോഴേയ്ക്കും അദ്ദേഹത്തിനു തിരികെ ലഭിച്ചു. ഇതിൽ ഏതാണ് സംഭവിച്ചതെങ്കിലും ഇന്ന് പ. പരുമല തിരുമേനിയുടെ *സ്വന്തം* എന്നു ഉറപ്പിച്ചു പറയാവുന്ന ഏക അംശവടി പാമ്പാടി ദയറായിൽ സൂക്ഷിച്ചിരിക്കുന്നത് മാത്രമാണ്.

ഇതൊന്നും അല്ലാത്ത ഒരു വടി കൂടെ പ. പരുമല തിരുമേനിയുടേതായി ഉണ്ട്. അതദ്ദേഹത്തിനു കോർഎപ്പിസ്ക്കോപ്പാ എന്ന നിലയിൽ ലഭിച്ച സ്ഥാനചിഹ്നമാണ്. ചാത്തുരുത്തിൽ തറവാട്ടിൽ സൂക്ഷിച്ചിരുന്ന *മല്പാൻവടി* എന്നറിയപ്പെടുന്ന വെള്ളികെട്ടിയ ഈ ചൂരൽ ചാത്തുരുത്തി കുടുംബ കാരണവരായിരുന്ന ജിമ്മി ചാത്തുരുത്തി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായ്ക്കു സമ്മാനിച്ചു. ഇപ്പോൾ ഈ വടി, മീമ്പാറ മാർ പക്കോമിയോസ് മൗണ്ട് അരമനയിൽ സൂക്ഷിച്ചിരിക്കുന്നു.

(*മലങ്കരസഭാ മാസിക*, ഒക്ടോബർ 2018)